# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 174 — 04-11-2019 - ൽ മറുപടിയ്ക്ക്

### ഉപഭോക്തൃ ഡയറക്ടറേറ്റ് രൂപീകരണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എൽദോ എബ്രഹാം<br>,, കെ. രാജൻ<br>,, ആർ. രാമചന്ദ്രൻ<br>ശ്രീമതി ഗീതാ ഗോപി | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് ഉപഭോക്തൃ ഡയറക്ടറേറ്റ് രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ; | (എ) | ഉണ്ട്. സംസ്ഥാനത്ത് ഉപഭോക്തൃകാര്യ വകുപ്പിന് പ്രത്യേക ഡയറക്ടറേറ്റ് രൂപീകരിയ്ക്കുന്നത് സംബന്ധിച്ച വിഷയം സർക്കാർ പരിശോധിച്ച് വരികയാണ്. |
| ബി) | ഉപഭോക്തൃ വകുപ്പിന് പ്രത്യേക ഡയറക്ടറേറ്റ് രൂപീകരിക്കുന്നതിന് കേന്ദ്ര സർക്കാർ നിർദ്ദേശം നിലവിലുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ; | (ബി) | ഉണ്ട്. ഉപഭോക്തൃകാര്യ വകുപ്പിന് പ്രത്യേക ഡയറക്ടറേറ്റ് രൂപീകരിയ്ക്കണമെന്ന് കേന്ദ്ര സർക്കാർ സംസ്ഥാന സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. 2019 സെപ്തംബർ 3 ന് ദേശീയ തലത്തിൽ ചേർന്ന സംസ്ഥാന ഉപഭോക്തൃകാര്യ വകുപ്പ് മന്ത്രിമാരുടെ യോഗത്തിലെ അജണ്ടയിൽ സ്വതന്ത്ര ഉപഭോക്തൃകാര്യ വകുപ്പ് ഡയറക്ടറേറ്റ് രൂപീകരണം ഉൾപ്പെടുത്തിയിരുന്നു. |
| (സി) | നടപ്പ് സാമ്പത്തിക വർഷം ഇതിനായി ബജറ്റിൽ തുക വകയിരുത്തിയിട്ടുണ്ടോ; ആയതിന്റെ വിവരങ്ങൾ ലഭ്യമാക്കാമോ? | (സി) | ഉണ്ട്. ഡയറക്ടറേറ്റ് രൂപീകരിയ്ക്കുന്നതിന് അനുമതി നല്കുന്ന മുറയ്ക്ക് ഓഫീസ് സൗകര്യങ്ങൾ സജ്ജീകരിയ്ക്കുന്നതിനായി 2 കോടി രൂപ നടപ്പ് സാമ്പത്തിക വർഷം അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ